©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ജനുവരി 19<br>19th January 2021<br>1196 മകരം 6<br>6th Makaram 1196<br>1942 പൌഷം 29<br>29th Pousha 1942 | നമ്പർ<br>No. | 3 |

## PART III

## Notifications by Heads of Departments

# Agriculture Development and Farmers' Welfare Department

### ദർഘാസ് പരസ്യം

നമ്പർ ബി-588/2020. 2020 ഡിസംബർ 23.

ജില്ലാ പഞ്ചായത്ത് പ്രോജക്ട് 2020-21 പ്രകാരം ജില്ലാ കൃഷി ഫാമിലെ കശുമാവ് പ്ലാന്റേഷനിൽ 28 HP ഹിറ്റാച്ചി 20 സെഗ്മെന്റ് മെഷീൻ ഉപയോഗിച്ച് അടിക്കാട് വെട്ടിത്തെളിക്കുന്നതിലേയ്ക്കായി ഏകദേശം 600 മണിക്കൂർ പ്രവർത്തിക്കുന്നതിന് മൽസരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

നിരതദ്രവ്യം—₹ 11,250.

ദർഘാസ് ഫോറത്തിന്റെ വില—₹ 900 + ജി.എസ്.ടി.

ദർഘാസ് ഫോറം ലഭിക്കുന്ന തീയതിയും സമയവും—28-1-2021, 11.30 മണി.

ദർഘാസ് ഫോറം സ്വീകരിക്കുന്നതിനുള്ള തീയതിയും സമയവും—28-1-2021, ഉച്ചയ്ക്ക് 12.30 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—28-1-2021, 2 മണി.

### നിബന്ധനകൾ

1. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഡ്രൈവറും ഇന്ധനവും ഉൾപ്പെടെ ഹിറ്റാച്ചി 1 മണിക്കൂർ പ്രവർത്തിപ്പിക്കുന്നതിന് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി 25×12 cm വലിപ്പമുള്ള കവറിനുള്ളിൽ സീൽ ചെയ്ത ടെണ്ടറുകൾ നിശ്ചിത സമയത്തിനു മുമ്പായി അഞ്ചൽ ജില്ലാ കൃഷി ഫാം സൂപ്രണ്ടിന്റെ പേരിൽ ഫാം ഓഫീസിൽ നൽകേണ്ടതാണ്. ഹിറ്റാച്ചി ഉപയോഗിച്ച് അടിക്കാട് വെട്ടിത്തെളിക്കുന്നതിനുള്ള ടെണ്ടർ എന്ന് കവറിനു പുറത്ത് രേഖപ്പെടുത്തിയിരിക്കണം.

2. ടെണ്ടർ നിശ്ചിത സമയത്തു തന്നെ അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ആയതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യക്തി/സ്ഥാപനത്തിന്റെ പേരിൽ ടെണ്ടർ താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമാണ്.

ടിയാന്റേത് ഒഴികെയുള്ളവരുടെ നിരതദ്രവ്യം അപ്പോൾ തന്നെ മടക്കി നൽകുന്നതുമാണ്.

Gaz. No. 3/2021/DTP (Agriculture).

3. ഓഫീസിൽ നിന്നും നിർദേശിക്കുന്ന സമയത്ത് നിശ്ചിത സ്ഥലത്താണ് ഹിറ്റാച്ചി പ്രവർത്തിപ്പിക്കേണ്ടത്.

4. ടെണ്ടർ ദിവസം പൊതു അവധിയാകുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തു തന്നെ നടത്തുന്നതാണ്.

5. ഹിറ്റാച്ചി പ്രവർത്തിപ്പിക്കുന്ന സമയത്ത് ഫാമിലെ മറ്റ് കൃഷികൾക്കോ വസ്തുവകകൾക്കോ യാതൊരു നാശനഷ്ടവും സംഭവിക്കാൻ പാടില്ല. അങ്ങനെ സംഭവിക്കുന്നപക്ഷം ലേലക്കാരനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതായിരിക്കും.

6. പ്രത്യേക കാരണം കാണിക്കാതെ തന്നെ ടെണ്ടർ നടപടികളെ അസ്ഥിരപ്പെടുത്തുവാനുള്ള അധികാരം ഫാം സൂപ്രണ്ടിന് ഉണ്ടായിരിക്കും. ടെണ്ടർ/ലേല നടപടികൾ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ അന്തിമ അംഗീകാരത്തിന് വിധേയമായിരിക്കും.

7. ടെണ്ടർ നടപടിക്രമങ്ങൾ മാറ്റി വയ്ക്കുന്നതിനോ റദ്ദുചെയ്യുന്നതിനോ ഉള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

8. ഇതുമായി ബന്ധപ്പെട്ട് ₹ 200-ന്റെ മുദ്രപ്പത്രത്തിൽ ഒരു സമ്മതപത്രം ഫാം സൂപ്രണ്ടിന് രേഖാമൂലം എഴുതി നൽകേണ്ടതാണ്.

9. കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഫാം ഓഫീസിൽ നിന്ന് നേരിട്ട് അറിയാവുന്നതാണ്.

ജില്ലാ കൃഷിത്തോട്ടം, (ഒപ്പ്)
അഞ്ചൽ, കോട്ടുക്കൽ. സൂപ്രണ്ട്.